# ഗവ.ജി.വി.എൽ.പി.എസ്. മെഴുവേലി

## ആറന്മുള ഉപജില്ല

## പത്തനംതിട്ട



# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025 – 2026

'സന്തോഷ വിദ്യാലയം

ജനായത്ത വിദ്യാലയം'

# ഉള്ളടക്കപേജ്


- ആമുഖം
- സ്കൂളിന്റെ ചരിത്രം
- അക്കാദമിക ലക്ഷ്യങ്ങൾ
- മാതൃഭാഷ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും
- ഓൺലൈൻ വായനോത്സവം
- ഇംഗ്ലീഷ് ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും
- ഗണിതപരമായ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും
- പരിസരപഠനം
- കലാപഠനം

പ്രവൃത്തി പരിചയം

- കായിക വിദ്യാഭ്യാസം
- കമ്പ്യൂട്ടർ സങ്കേതിക വിദ്യ
- രക്ഷിതാക്കളും വിദ്യാലയവും
- വിലയിരുത്തലും പഠന പുരോഗതി പങ്കിടലും
- ദിനാചരണങ്ങൾ
- സമൂഹ സമ്പർക്ക പ്രവർത്തനങ്ങൾ / സമൂഹത്തെ പഠന വിഭവമാക്കൽ.
- പാട്ടരങ്ങ്
- സംയുക്ത ഡയറി
- നിർമ്മാണ ശില്പശാല
- പ്രവർത്തന കലണ്ടർ

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോക ക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. വികസനാത്മകമായ ഒരു സമൂഹനിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. കേരളം മറ്റു പല രംഗങ്ങളിലും എന്നപോലെ വിദ്യാഭ്യാസരംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കിയ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിദ്യാഭ്യാസരംഗത്ത് അത്ഭുതപൂർവമായ ഉണർവ് സൃഷ്ടിച്ചു. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതിക രംഗത്തും അക്കാദമിക രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു. വിദ്യാഭ്യാസ അവകാശ നിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം ഇനിയും പ്രാവർത്തികമാക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ ലക്ഷ്യം

നിറവേറ്റുന്നതിന് നമ്മുടെ വിദ്യാലയങ്ങളെ സമൂലമായി മാറ്റിയെടുക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി ഓരോ വിദ്യാലയവും ആ വിദ്യാലയത്തിന്റെ വസ്തുനിഷ്ഠ സാഹചര്യങ്ങൾ വിലയിരുത്തി പ്രസ്തുത വിദ്യാലയത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഏറ്റവും മികച്ച പഠന അനുഭവങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കുന്നതാണ് ആ വിദ്യാലയത്തിന്റെ മാസ്റ്റർ പ്ലാൻ. "സന്തുഷ്ട വിദ്യാർത്ഥി, സന്തുഷ്ട വിദ്യാലയം" എന്ന ലക്ഷ്യത്തോടെ ഗവൺമെന്റ് ജീവി എൽ പി സ്കൂൾ മെഴുവേലി,അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു.

# സ്കൂളിന്റെ ചരിത്രം

പത്തനംതിട്ട ജില്ലയിൽ ആറന്മുള സബ്ജില്ലയുടെ അധികാരപരിധിയിൽ പെട്ടതും മെഴുവേലി ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിൽ സ്ഥിതിചെയ്യുന്ന ഒരു പുരാതന സരസ്വതി ക്ഷേത്രം. മെഴുവേലിയുടെ പ്രാന്തപ്രദേശങ്ങളിൽ നിന്നും വരുന്ന കുട്ടികൾ ഇവിടെ പഠിക്കുന്നു. യുഗപുരുഷൻ ശ്രീനാരായണഗുരുവിന്റെ പാദസ്പർശത്താൽ അനുഗ്രഹീതമായ ഈ മണ്ണിൽ, സരസകവി മുലൂർ എസ്. പത്മനാഭപണിക്കർ അകാലത്തിൽ പൊലിഞ്ഞു പോയ തന്റെ മകൻ ഗംഗാധര ശാസ്ത്രികളുടെ ഓർമ്മയ്ക്കായി 1906 ൽ ഈ വിദ്യാലയം സ്ഥാപിച്ചു. അന്ന് ഗംഗാധര വിദ്യാശാല ലോവർ പ്രൈമറി സ്കൂളെന്നു നാമകരണം ചെയ്ത ഈ സരസ്വതി ക്ഷേത്രം മെഴുവേലി ആനന്ദഭൂതേശ്വര ക്ഷേത്ര സമീപം ബഹുമാന്യനായ മുൻ എംഎൽഎ പി എൻ.ചന്ദ്രസേനൻ സ്മാരക ഓഡിറ്റോറിയത്തിലേക്കുള്ള പ്രധാന വഴിയുടെ അരികിലായിരുന്നു പ്രവർത്തനം ആരംഭിച്ചത്. 1945 -46 കാലഘട്ടത്തിൽ പ്രാദേശിക വിദ്യാലയങ്ങൾ സർക്കാർ ഏറ്റെടുത്തപ്പോൾ ഈ വിദ്യാലയവും സർക്കാർ ഏറ്റെടുത്തു. അങ്ങനെയാണ് ഗംഗാധര വിദ്യാശാല ലോവർ പ്രൈമറി സ്കൂൾ ഇന്ന് നാം അറിയുന്ന ഗവൺമെന്റ് ജി.വി.എൽ പി.സ്കൂൾ മെഴുവേലിയായി മാറിയത്.

# അക്കാദമിക ലക്ഷ്യങ്ങൾ

1. സന്തോഷ വിദ്യാലയം, ജനായത്ത വിദ്യാലയം എന്ന കാഴ്ചപ്പാട്

2. ഓരോ വിദ്യാർത്ഥിയും വിദ്യാലയ അന്തരീക്ഷവും പഠന പ്രവർത്തനങ്ങളും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.

3. വിദ്യാലയങ്ങൾ കുട്ടികളുടെ പൂർണ്ണ പങ്കാളിത്ത ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

4. വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠന പ്രവർത്തനങ്ങൾക്ക് പുറമേ കലാകായിക പ്രവർത്തി പരിചയ പഠന പ്രവർത്തനങ്ങൾ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.

5. വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങളാൽ ലൈബ്രറി കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ

വിദ്യാർത്ഥികളും ഒരുപോലെ പ്രാപ്തരാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

6. ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുകയും ചെയ്യുന്നു.

## മാതൃഭാഷ

## ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

1) ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ
   a) പ്രവർത്തനങ്ങൾ
   b) അക്ഷരമുറപ്പിക്കൽ
   c) അടയാളം ഉറപ്പിക്കൽ
   d) അക്ഷര കാർഡ് നൽകൽ
   e) വാക്കുകൾ എഴുതിയ കാർഡ്
   f) വാക്കുകൾ നിർമിക്കുക
   g) ചിത്രകഥ എഴുതൽ
   h) കഥ പുസ്തകം നൽകൽ

2) കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക

a) സ്വതന്ത്രമായ രചന, പത്രവായന, ബാലസാഹിത്യകൃതി വായന
b) ഒരു സദസ്സിനെ അഭിസംബോധന ചെയ്യുക
c) പുസ്തകചർച്ച, പുസ്തകആസ്വാദനം
d) ക്ലാസ് വായനക്കൂട്ടം, വായനാമൂല
e) എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നു, എഴുതുന്നു എന്ന് ഉറപ്പാക്കുന്നു
f) പത്രവായന
g) വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തന ക്ലാസ് സഭ
h) ആകാശവാണി ക്ലബ്
i) അമ്മ വായന

3) കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക

a) വായനോത്സവം സംഘടിപ്പിക്കൽ
b) പുസ്തക ചർച്ച
c) ബാലസഭ
d) പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്
e) എഴുത്തുകൂട്ടം
f) രചനപരിചയക്കുറിപ്പുകൾ തയ്യാറാക്കുന്നു
g) എന്റെഗ്രന്ഥശാല

# ഓൺലൈൻ വായനോത്സവം

വീടുകളിൽ നടക്കുന്ന വായനാപ്രവർത്തനത്തിന്റെ തുടർച്ചയാണ് ഓൺലൈൻ വായനാത്സവം.

- ആഴ്ചയിൽ നിശ്ചിത ദിവസം രാത്രി ഏഴുമണിക്ക് ശേഷമുള്ള സമയം ഇതിനായി മാറ്റി വെക്കാം.
- രക്ഷിതാക്കൾക്ക് പുറമേ ബന്ധുക്കളെയും വിദ്യാലയസുഹൃത്തുക്കളെയും ക്ഷണിക്കാം. നവമാധ്യമങ്ങളിലൂടെപ്രചരണവും നടത്താം.
- ഓൺലൈൻ വായനാത്സവത്തിൽ ഒരു ദിവസം നാലോ അഞ്ചോ കുട്ടികൾക്കാണ് അവസരം.രക്ഷിതാക്കൾ താല്പര്യമുണർത്തും വിധം പുസ്തകം എല്ലാവർക്കുമായി പരിചയപ്പെടുത്തണം. തുടർന്ന് കുട്ടി ആ പുസ്തകത്തെക്കുറിച്ച് സംസാരിക്കും. ഉള്ളടക്കം വ്യക്തമാക്കും. തുടർന്ന് മറ്റ് കുട്ടികളും രക്ഷിതാക്കളും അവതരണം നടത്തും. മുൻകൂട്ടി രക്ഷിതക്കളുമായി സംസാരിച്ച് അവതരണരീതി സംബന്ധിച്ച് വൈവിധ്യമുണ്ടാക്കാൻ ശ്രമിക്കുന്നത് നന്നായിരിക്കും.
- അധ്യാപികയോ ക്ഷണിക്കപ്പെട്ട ആരെങ്കിലുമോ ആസ്വാദ്യമാകും വിധം ഒരു ചെറുപുസ്തകം

വായിച്ച്അവതരിപ്പിക്കണം. ഇത്ഓൺലൈൻ പരിശീലനമാണ്.

- ക്രമേണ ഓൺലൈൻ വായനോത്സവത്തിൽ രക്ഷിതാവിന്റെ സഹായത്തോടെയോ രക്ഷിതാവിനൊപ്പമോ വായിക്കാൻ അവസരം കുട്ടിക്ക് നൽകണം ഇങ്ങനെ നൽകുമ്പോൾ ഒന്നോ രണ്ടോ വാക്യങ്ങൾ കുട്ടികൾ വായിച്ചാൽ മതിയാകും.

## ക്ലാസിൽ നടക്കേണ്ടത്

- വായനാനുഭവം ക്ലാസിൽ പങ്കിടാനും കഥയെ പാട്ടാക്കാനും കഥ മാറ്റി പറയാനും ചിത്രം വരയ്ക്കാനും അവസരം നൽകാം .
- ക്ലാസ് പി ടി എ കളിൽ പുസ്തകവായന, പുസ്തകാവതരണം നടത്തണം.

# ഇംഗ്ലീഷ്

# പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും

1) ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരിക്കൽ
   a) ഇംഗ്ലീഷ് കാർട്ടൂൺ പ്രദർശനം
2) ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരം.
   a) ഇംഗ്ലീഷ് ബാലസഭ.
   b) ഇംഗ്ലീഷ് അസംബ്ലി
3) ഇംഗ്ലീഷ് വായന ആശയം അറിഞ്ഞും ഒഴുക്കോടെയും.
   a) ക്ലാസ് ലൈബ്രറി വികസനം
   b) കുട്ടികളുടെ ആകാശവാണി ഡിഷ്ണറി നോക്കി പരിശീലനം.
4) ഇംഗ്ലീഷ് അസംബ്ലി
   a) ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷം മെച്ചപ്പെടുത്തൽ
5) ഇംഗ്ലീഷ് തീയേറ്റർ --സർഗാത്മതാ പരിപോഷണം
   a) ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങൾ ആക്കി അവതരിപ്പിക്കൽ
6) ഇംഗ്ലീഷ് മാഗസിൻ
7) ഇംഗ്ലീഷ് ഫെസ്റ്റ്.
8) My words - ഡിഷ്ണറി നിർമ്മാണം.

മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പഠനം - ഇംഗ്ലീഷ് ഭാഷ
ളിതമാക്കി കൈകാര്യം ചെയ്യാവുന്ന തരത്തിൽ
ാചകങ്ങൾ പഠിപ്പിക്കൽ

# ഗണിതം ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

)കളികളും നിർമാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി
ഗണിതം ലളിതമാക്കൽ

a. എ കണക്കുപെട്ടി
b. സ്നേഹക്കുടുക്ക
c. ഗണിത മാഗസിൻ
d. ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ

2)ഗണിത ചിന്താശേഷി വളർത്തൽ

a. ഒരു ദിവസം ഒരു ചോദ്യം (കുസൃതി കണക്കുകളും ഗണിത പസ്സിലുകളും പരിചയപ്പെടാം)

3)ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം

a) ഒറിഗാമി ശില്പശാല

4) ഗണിത പഠന രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) വിവിധ കളികൾ, കച്ചവട കളി.

5) ഒറിഗാമിയിലൂടെ പഠിക്കാം-ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം

6) ഗണിത ചുമർ

7) ഗണിത മേള, ഗണിത പഠനോപകരണ ശില്പശാല.

8) ചിന്താശേഷി വളർത്തൽ-.പാറ്റേണുകൾ കണ്ടെത്തലും സ്വന്തമായി പാറ്റേൺ നിർമ്മാണവും.

9) ജീവിത സാഹചര്യങ്ങളെ ഗണിതവുമായി ബന്ധപ്പെടുത്തുന്നു.

ഉദാ: പലചരക്ക് കടകളിലും പച്ചക്കറി കടകളിലും സാധനങ്ങൾ വാങ്ങുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു

a. കുടുംബ ബഡ്ജറ്റ് തയ്യാറാക്കുന്നു .

b. ഒരുമാസത്തേക്ക് സ്കൂളിലേക്ക് വേണ്ടുന്ന അരിയുടേയും പാലിന്റെയും മുട്ടയുടെയും കണക്കുകൾ തയ്യാറാക്കുന്നു.

# പരിസര പഠനം
# ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

1. പ്രകൃതിയെ അറിയുന്നതിന് ആസ്വദിക്കുന്നതിനും
   1) പുഷ്പോദ്യാനം
   2) ഔഷധത്തോട്ടം.
2. ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്.
   1) ശുചിത്വ പ്രോട്ടോകോൾ വിജയം നേടുന്നവർക്ക് ഫ്ലാഗ്
3. പോസ്റ്റർ രചന മത്സരം
   1) പ്രകൃതിയെ അറിയാൻ
   2) പ്രകൃതി നടത്തം, നിരീക്ഷണം
   3) മത്സ്യ കൃഷിയിടം സന്ദർശിക്കൽ
   4) ഹാച്ചറി സന്ദർശിക്കൽ
   5) പൊതുവിടങ്ങൾ സന്ദർശിക്കൽ
4. ശാസ്ത്ര അവബോധം വളർത്തുക
   1) ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു.
5. ശാസ്ത്രമാസിക
6. ഭൂപടം ഒരുക്കം
   1) ഭൂപട വായന
   2) ഭൂപട രചന.
7. പ്രകൃതി ഒരു പാഠശാല - കുട്ടികൾ പ്രകൃതിയെ അറിഞ്ഞ് പഠിക്കുക.

പ്രകൃതിയിലേക്ക് - സ്കൂൾ പരിസരം, ജൈവവൈവിധ്യം. നിരീക്ഷണം - പുഷ്പോദ്യാനം,ഔഷധത്തോട്ടം അടുക്കളത്തോട്ടം പരമ്പരാഗത കൃഷി രീതികൾ പരിചയപ്പെടൽ. -കുട്ടികളിൽ ദിശാബോധം വളർത്തുന്നു.

8. പൊതു ഇടങ്ങൾ സന്ദർശിക്കാം. പ്രാദേശിക നേതാക്കളെ കണ്ടെത്തൽ, പ്രാദേശിക ചരിത്രം ആരായൽ, സ്മാരകങ്ങൾ സന്ദർശിക്കൽ, ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കൽ, ചെറുകിട ഉത്പാദക യൂണിറ്റുകൾ സന്ദർശിക്കൽ (സിമൻറ് കട്ട നിർമ്മാണം, നൂൽ നിർമ്മാണം,തയ്യൽ യൂണിറ്റുകൾ കോഴി വളർത്തൽ, പശു ഫാം etc )

   ആ പ്രദേശത്തെ ഏറ്റവും മുതിർന്ന പൗരനെ ആദരിക്കൽ അദ്ദേഹവുമായി പ്രാദേശിക ചരിത്ര സംവാദത്തിൽ ഏർപ്പെടൽ. ഇതിൽ കലാകാരന്മാരും അത് മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള വരും.

9. മൗലികമായ അവകാശങ്ങളോടൊപ്പം ഓരോരുത്തർക്കും മൗലികമായ കടമകളും ഉണ്ടെന്ന് കുട്ടികളെ ബോധ്യപ്പെടുത്തുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ. ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി പതിപ്പുകൾ നിർമ്മിക്കൽ, പത്രവാർത്തകൾ ശേഖരിക്കൽ കട്ടൗട്ടുകൾ നിർമ്മിക്കൽ.

10. പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന പ്രവർത്തനങ്ങളിൽ പങ്കാളികളാവുക - കുട്ടികളുടെ

പ്രദേശത്തെ ഇക്കോ വ്യൂഹങ്ങൾ സന്ദർശിക്കുക - ചെറിയ കാവുകൾ കുളങ്ങൾ മറ്റു ജലാശയങ്ങൾ, മത്സ്യം വളർത്തുന്ന കുളങ്ങൾ, നെൽപ്പാടങ്ങൾ നീർച്ചാലുകൾ എന്നിവ സന്ദർശിക്കുന്നു.

ശരിയായ പരിസ്ഥിതി സംരക്ഷണം എന്തെന്ന് മനസ്സിലാക്കി കൊടുക്കുക . പരിസ്ഥിതിയെ ശരിയായ രീതിയിൽ സംരക്ഷിച്ചില്ലെങ്കിൽ എന്ത് ? ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം, വരൾച്ച, വെള്ളപ്പൊക്കം, ഭൂകമ്പം ഉരുൾപൊട്ടൽ , ജലമലിനീകരണം.

## കലാപഠനം

1. ചിത്രരചന കളരി- ചിത്രരചനയിൽ പ്രാവീണ്യം നേടൽ
2. ബാലസഭ
3. സർഗ്ഗശേഷി പരിപോഷണം
4. കലോത്സവത്തിൽ പങ്കെടുപ്പിക്കൽ.

## കായിക വിദ്യാഭ്യാസം

1. കായിക പരിശീലനം കാര്യക്ഷമമാക്കൽ
2. കുട്ടികളുടെ മാനസികോ ശാരീരികവുമായ ആരോഗ്യം പരിപോഷിപ്പിക്കൽ
3. എല്ലാ കുട്ടിക ളുടെയും കഴിവിന്റെ മേഖലയുടെ ലിസ്റ്റ് തയ്യാറാക്കൽ
4. ഓരോ കുട്ടിയുടെയും താല്പര്യ മേഖലകൾ കണ്ടെത്തൽ

## കമ്പ്യൂട്ടർ സാങ്കേതികവിദ്യ

1. വിദ്യാർത്ഥി പഠനത്തിന് റെക്കോർഡ്
2. ഇ -വായന സാധ്യത
3. എൽസിഡി പ്രൊജക്ടർ സൗണ്ട് സിസ്റ്റം

# ദിനാചരണങ്ങൾ

ആചരിക്കേണ്ട പ്രധാന ദിനങ്ങൾ കലണ്ടർ ആക്കൽ

പൊതുവായതും വിഷയാധിഷ്ഠിതമായതും ദിനങ്ങളെ

തരംതിരിക്കൽ.

# രക്ഷിതാക്കളും വിദ്യാലയവും

1. പിടിഎ

പിടിഎ ഒരു വിദ്യാലയത്തിന്റെ പ്രധാന ഘടകമാണ്.സ്കൂൾ പിടിഎ വിദ്യാലയത്തിന്റെമൊത്തത്തിലുള്ള പ്രവർത്തനത്തെ ചിട്ടപ്പെടുത്തുന്നു .എന്നാൽ ക്ലാസ് പിറ്റിഎ അക്കാദമിക പ്രവർത്തനങ്ങളുടെ വിലയിരുത്തലുകൾക്ക് വേദിയാകുന്നു. അതിനാൽ ക്ലാസ് പിടിഎക്ക് മുൻഗണന നൽകണം . ഇങ്ങനെ പ്രതിമാസ ക്ലാസ് പി ടിഎ ഇപ്പോൾ നടന്നു വരുന്നുണ്ട്. അത് അക്കാദമിക മാസ്റ്റർ പ്ലാനിന്റെ

പശ്ചാത്തലത്തിൽ കൂടുതൽചിട്ടപ്പെടുത്തുന്നതിനുള്ള ഗവേഷണാത്മക ഇടപെടലാണ് ഉദ്ദേശിക്കുന്നത്.

- രക്ഷിതാക്കളുടെ സജീവപങ്കാളിത്തം എങ്ങനെയെല്ലാം വർധിപ്പിക്കാം എന്നത് ലക്ഷ്യമിടുന്നു.
- ഏകകക്ഷീയമായ അവതരണത്തിനു പകരം ചില പ്രവർത്തനങ്ങളിലൂടെ അവരെ കടത്തിവിടുന്ന രീതി സ്വീകരിക്കുന്നു.
- ഒന്നാം ക്ലാസിൽ വെച്ച് വളർത്തിയെടുക്കുന്ന രക്ഷാകർതൃ പിന്തുണാസംസ്കാരം തുടർന്നുള്ള ക്ലാസുക ളിലും കുട്ടിക്ക് ഏറെ സഹായകമാകും.അതിനാൽ ഒന്നാം ക്ലാസിലെ രക്ഷിതാക്കളെ സജ്ജമാക്കുക എന്നതിന് വലിയ പ്രാധാന്യമുണ്ട്.
- ഓരാ ക്ലാസ് പി ടി എയും വൈവിധ്യമുള്ളതായിരിക്കണം. വീഡിയാ പ്രദർശനം, ഉൽപ്പന്ന വിശകലനം, സിമുലേഷൻ, നിർമാണ പ്രവർത്തനങ്ങൾ, ആവിഷ്കാരങ്ങൾ, വിദഗ്ദരുടെ ക്ലാസ് എന്നിങ്ങനെയുള്ള സാധ്യകൾ പ്രയോജനപ്പെടുത്തണം.
- സമൂഹവിദ്യഭ്യാസ പരിപാടിയാക്കി മാറ്റണം. ഉദാഹരണത്തിന് വീടുമായി ബന്ധപ്പെട്ട

പാഠഭാഗങ്ങളെ കുടുംബ
ജനാധിപത്യത്തെക്കുറിച്ചുള്ള ചർച്ചാ വേദിയാക്കണം
. വീട്ടിലെ തൊഴിൽ വിഭജനത്തിൽ, കുട്ടികളിൽ
വളർത്തിയെടുക്കേണ്ട തുല്യതാബോധത്തിൽ
എന്തൊക്കെ ചെയ്യാനാകും എന്ന തീരുമാനം
എടുക്കണം. വീട്ടിലെ അനുഭവവും പഠനം ആണെന്ന
ധാരണയോടെയാണ് ക്ലാസ് പി ടി എയിൽ ചർച്ചകൾ
നടക്കേണ്ടത്.

- ക്ലാസ് പിടി എയുടെ ചെറു ഡോക്യുമെന്റ് തയ്യാറാക്കുന്നതിന് ഒരു ടീമിനെ ചുമതലപ്പെടുത്താം.
- അനിവാര്യകാരണങ്ങളാൽ പങ്കെടുക്കാൻ കഴിയാതെ പായവർക്കായി അത് വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ പങ്കിടാം.
- ക്ലാസ് വാട്സാപ്പ് ഗ്രൂപ്പ് ഓൺലൈൻ അധ്യാപക രക്ഷാകർതൃസമ്പർക്ക വേദിയാണ്. അതായത് രണ്ട് ക്ലാസ് പി ടി എകളുടെ ഇടയിലുള്ള കണ്ണി.
- അജണ്ട മുൻകൂട്ടി ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ ഇടണം.

2. എസ് എം സി
3. മദർ പി ടി എ
4. കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തയും രക്ഷിതാക്കളുമായി പങ്കുവയ്ക്കുകയും ചെയ്യുന്നു.

# സാമൂഹിക സമ്പർക്ക പരിപാടികൾ

1. നിശ്ചിതഇടവേളകളിൽ കുട്ടികളുടെ വീട് സന്ദർശനം
2. എല്ലാ ആഴ്ചയിലും രക്ഷിതാക്കളുമായി സമ്പർക്കം
3. രക്ഷിതാക്കൾക്ക് പഠനപുരോഗതി രേഖ നൽകുന്ന രീതി
4. സാമൂഹിക സേവന പദ്ധതികൾ

# പാട്ടരങ്ങ്

1. ബാലകവിതകളും കുട്ടിപ്പാട്ടുകളും കേട്ടും വായിച്ചും ആസ്വദിക്കാനുള്ള പ്രവർത്തനം
2. വായ്ത്താരികൾ, നാടൻപാട്ടുകൾ എന്നിവ ഒറ്റയ്ക്കും സംഘമായും ചൊല്ലുന്നു
3. ലളിതമായ കവിതകളും പാട്ടുകളും ആസ്വാദനത്തോടെ ചൊല്ലുന്നു
4. വിവിധ താളങ്ങൾ കണ്ടെത്തി കവിത ചൊല്ലൽ

# ഡയറി എഴുത്ത്

1) സംയുക്ത ഡയറി എഴുത്ത് - 1/2 ക്ലാസുകൾക്ക്
അനുഭവരചന

- ക്ലാസ് പിടിഎ യോഗം വിളിച്ചു പ്രക്രിയ ബോധ്യപ്പെടുത്തുന്നു
- മുൻവർഷത്തെ ഡയറികൾ പരിചയപ്പെടുത്തുന്നു
- ഡയറി എഴുത്തിലൂടെ ലഭിച്ച ഭാഷാപരമായ മുന്നേറ്റം വ്യക്തമാക്കുന്നു

2)സർഗാത്മക ഡയറി - 3/4 ക്ലാസ്സുകളിലെ കുട്ടികൾക്ക് ഇഷ്ടസന്ദർഭവും സർഗാത്മക രചനയും ഉൾപ്പെടുത്തിയ ഡയറി

# നിർമാണ ശില്പശാല

1. പരിസ്ഥിതി സൗഹൃദമായ കളി ഉപകരണങ്ങൾ പരിചയപ്പെടുത്തുന്നു
2. പ്രാദേശികമായി ലഭ്യമായ വസ്തുക്കളെ കളിപ്പാട്ടമായി മാറ്റുന്നു
3. പഠനോപകരണ നിർമാണം നടത്തൽ
4. നിർമാണ ശില്പശാല പ്രദർശനം